**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.843 06.06.2018 -ലെ മറുപടിക്ക്**

**ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ). | ഈ സർക്കാർ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സഹായം ലഭിച്ചുവെന്ന് വിശദമാക്കുമോ; | (എ) | പദ്ധതി പ്രകാരം 91 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂരഹിത ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിപ്രകാരം ഒരു കുടുംബത്തിന് പരമാവധി എത്ര രൂപവരെയുള്ള സഹായമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | ഒരു കുടുംബത്തിന് പരമാവധി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 3,75,000/-, 4,50,000/- 6,00,000/- എന്നീ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. കുറഞ്ഞത് ഗ്രാമത്തിൽ 5 സെന്റും നഗരത്തിൽ 3 സെന്റും സ്ഥലമാണ് വാങ്ങേണ്ടത്. |
| (സി) | ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമം അനുസരിച്ച് അർഹരായ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ